

**സി പി സി ആർ ഐ കാർഷികമേളയിൽ ഒരുക്കിയ തേങ്ങ മുറിക്കുന്ന യന്ത്രം മന്ത്രി ഇ ചന്ദ്രശേഖരൻ പരീക്ഷിക്കുന്നു**

# വിദേശ പഴ തൈകളുടെ സ്റ്റാളുമായി സി പി സി ആർ ഐ മേള

കാസർകോട്: നാടൻ പഴങ്ങൾക്കൊപ്പം നിരവധി വീദേശപഴങ്ങളുടെ തൈക്ളുമായി സി പി സി ആർ ഐ എക്സിബിഷൻ ശ്രദ്ധേയമാവുന്നു. കാർഷികവൈവിധ്യങ്ങളുടെ ഉത്സവകാഴ്ചയൊരുക്കിയാണ് സിപിസിആർഐ മേള നടക്കുന്നത്. വിയറ്റ്നാം സൂപ്പർ ഏർലി, നിന്നി തായ് എന്നിവ കാഴ്ചക്കാരെ ഏറെ ആകർഷിച്ചു. വിദേശപഴങ്ങളുടെ തൈകളുടെ വലിയൊരു ശേഖരമാണ് ഇവിടെ ഒരുക്കിയിരുന്നത്. ചുവന്ന ചുളയുള്ള പ്ലാവിനമായ തായ്‌ലൻഡ് ഡോംഗ്സൂര്യ, മരത്തിൽ മുന്തിരി പോലെ കായ്ക്കുന്ന ജബൂട്ടിക്കാബ, മാങ്ങ പോലെ കായ്ക്കുന്ന മാപ്പരാംഗ്, ലബനീസ് അത്തിപ്പഴം, ബട്ടർഫ്രൂട്ട്, സിംഗപ്പൂർ ചെറി, റെഡ് ജിയാന്റ് പാഷൻഫ്രൂട്ട് എന്നീ പഴങ്ങളുടെ തൈകൾ ഇവിടെ ഒരുക്കിയിരിക്കുന്നത്. പത്തടി മാത്രം പൊക്കമുള്ള, ഒന്നരവർഷം കൊണ്ട് കായ്ക്കുന്ന പ്ലാവിൻ തൈകളായിരുന്നു മേളയുടെ പ്രധാന ആകർഷണമായി. ചെറുപുഴയിലെ തേജസ്വിനി കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ ഉത്പന്നങ്ങളാണ് ഇതിൽ ഏറെ ശ്രദ്ധേയമായത്. മൃഗക്കൊഴുപ്പ് അടങ്ങാത്ത, കൈകൊണ്ട് നിർമിച്ച സോപ്പിന് ഏറെ ആവശ്യക്കാരുണ്ട്. റോസ്, ചന്ദനം, മഞ്ഞൾ, മുല്ല എന്നീ ഫ്ളേവറുകളിൽ ഇതു ലഭ്യമാണ്. സൾഫർ അടങ്ങിയിട്ടില്ലാത്ത, പുകചുവ ഇല്ലാത്ത വെളിച്ചെണ്ണയും ഇവരുടെ പ്രത്യേകതയാണ്. ഈച്ചശല്യം തുരത്താനുള്ള ഡോ.ഫ്ളൈ, വിർജിൻ കോക്കനട്ട് ഓയിൽ, ഹെയർ ഓയിൽ, തേൻ, ജൈവകീടനാശിനി എന്നിവയും ഈ സ്റ്റാളിൽ ലഭ്യമാണ്. തമിഴ്നാട്ടിൽ നിന്നുള്ള ഒരാളുടെ പൊക്കമുള്ള 55 കിലോയുള്ള ഗ്രാന്റ് നൈൻ എന്ന വാഴക്കുഴ മേളയിൽ എത്തുന്ന ഏവരെയും ആകർഷിക്കുന്നത്. ഇതിന്റെ തൈകൾ 20, 30 രൂപയ്ക്ക് ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്. നിരവധി കാർഷിക വിളകളുടെ വിത്തുകളും കീടനാശിനികളും കാർഷിക ഉപകരണങ്ങളും മേളയിൽ നിറഞ്ഞു നിൽക്കുകയാണ്.